കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 27/2023

03.11.2023

# ഒരു ചുമതല കൂടി പൂർത്തിയാകുന്നു!!!

2019 ൽ കേരള ഗ്രാമീണ ബാങ്കിൽ ആശ്രിത നിയമനം പുനഃസ്ഥാപിക്കുന്നു. ഇന്ത്യയിലെ ഗ്രാമീണ ബാങ്കുകളിലെ ഒരു ലക്ഷത്തോളം വരുന്ന ജീവനക്കാരിൽ 70% ജീവനക്കാരെ പ്രതിനിധാനം ചെയ്യുന്ന ഭൂരിപക്ഷ സംഘടനയായ AIRRBEA നേതൃത്വത്തിൽ നടത്തിയ ദീർഘമായ പോരാട്ടത്തിന്റെ ഫലമായാണ് ആശ്രിത നിയമനം പുനഃസ്ഥാപിക്കപ്പെട്ടത്. എന്നാൽ അഞ്ചുവർഷം പൂർത്തിയാകാറായിട്ടും നാളിതുവരെ ഒരാളെ പോലും നമ്മുടെ ബാങ്കിൽ നിയമിച്ചിരുന്നില്ല. നിരവധി ജീവനക്കാർ അകാലത്തിൽ മരണപ്പെട്ടിട്ടും അവരുടെ കുടുംബാംഗങ്ങൾ അപേക്ഷ അയച്ചിട്ടും അപേക്ഷകൾ നിരസിക്കുകയോ പരിഗണിക്കാതെ പൂഴ്ത്തി വെക്കുകയോ ചെയ്യുന്ന ഒരു സ്ഥിതിയാണ് നമ്മുടെ ബാങ്കിൽ ഉണ്ടായിരുന്നത്. സംഘടനയുടെ കഴിഞ്ഞ സംസ്ഥാനസമ്മേളനത്തിൽ വൈകാരികമായ മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു ചർച്ചയാണ് മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ ആശ്രിതനിയമന വിഷയം. ഒരു കുടുംബത്തിൽ രണ്ടു മാസത്തിനിടയിൽ നമ്മുടെ ജീവനക്കാരനുൾപ്പെടെ മൂന്നുപേർ മരണപ്പെടുകയും പറക്കമുറ്റാത്ത രണ്ടു മക്കളും ജോലിയില്ലാത്ത അയാളുടെ ജീവിത പങ്കാളിയും ജീവിതം തന്നെ ചോദ്യചിഹ്നമായി നിൽക്കുന്ന സന്ദർഭത്തിൽ കുടുംബം ആശ്രിത നിയമനത്തിനായി അപേക്ഷിച്ചു. ആ അപേക്ഷ പോലും OATD തസ്തികയിൽ വേക്കൻസി ഇല്ല എന്ന കാരണം പറഞ്ഞ് ഏകപക്ഷീയമായി തള്ളുകയായിരുന്നു ഉണ്ടായത്. ഇങ്ങനെയുള്ള വേറെയും നിരവധി അപേക്ഷകൾ തള്ളിയത് സമ്മേളന സദസ്സിനെയാകെ വല്ലാത്ത മാനസികാവസ്ഥയിലേക്ക് കൊണ്ടു ചെന്നെത്തിച്ചു. **അന്നത്തെ സമ്മേളനത്തിന്റെ പൊതുവികാരമായി സംഘടന കൈക്കൊണ്ട തീരുമാനമാണ് എന്ത് വിലകൊടുത്തും നാളുകൾക്കുള്ളിൽ ആശ്രിത നിയമനം നടപ്പിലാക്കാൻ ശക്തമായി ഇടപെടും എന്നത്.**

ചെയർമാൻ ഉൾപ്പെടെയുള്ളവരുമായി പലതവണ ചർച്ച ചെയ്തിട്ടും അനുകൂലതീരുമാനം ഉണ്ടാകാത്തതിനെ തുടർന്ന് സംഘടന പ്രക്ഷോഭത്തിന്റെ പാതയിലേക്ക് പോകാൻ നിർബന്ധിക്കപ്പെടുകയും ഈ വിവരം ചെയർമാൻ ഉൾപ്പെടെയുള്ളവരെ അറിയിക്കുകയും ചെയ്തു. ആഗസ്റ്റ് 9 ന് ചെയർമാനെ കണ്ട് ആഗസ്റ്റ് 24 ന് ഹെഡ് ഓഫീസിനു മുന്നിൽ കുടുംബാംഗങ്ങളുടെ ധർണ്ണ നടത്താൻ തീരുമാനിച്ച വിവരവും അതിനു മുന്നോടിയായി കുടുംബാംഗങ്ങളെ ഉൾപ്പെടെ ചേർത്ത് പത്രസമ്മേളനം വിളിക്കാൻ തീരുമാനിച്ച വിവരവും നാം അറിയിച്ചു. അകാലത്തിൽ പൊലിഞ്ഞു പോയ സഹപ്രവർത്തകരുടെ കുടുംബാംഗങ്ങളെ സംരക്ഷിക്കുന്നതിനായി അനിശ്ചിതകാല പ്രക്ഷോഭം ഉൾപ്പെടെ നടത്താൻ ധാരണയായ വിവരവും ചെയർമാനുമായി നാം പങ്കുവച്ചു. എന്നാൽ, വിഷയത്തിന്റെ ഗൗരവം അദ്ദേഹം ഉൾക്കൊള്ളുകയും ആഗസ്റ്റ് 25 വരെ സമയം അനുവദിക്കണം എന്ന് സംഘടനാ പ്രതിനിധികളോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ, നിയമനം നടത്തും എന്ന ഉറപ്പു ലഭിക്കാതെ, തീരുമാനിച്ച ധർണ്ണ മാറ്റിവെക്കാൻ ഒരുക്കമല്ല എന്ന നിലപാടിൽ നാം ഉറച്ചു നിന്നു. ഉടൻ തന്നെ HR ജനറൽ മാനേജർ ഉൾപ്പെടെയുള്ളവർക്ക് ഈ വിഷയത്തിൽ സംഘടന ആവശ്യപ്പെട്ടത് പ്രകാരമുള്ള അനുകൂലതീരുമാനം ഉടൻ കൈക്കൊള്ളാൻ ചെയർമാൻ കർശന നിർദ്ദേശം നൽകി. തുടർന്ന് രണ്ടര മാസമായി നാം ഓരോ നീക്കവും follow up ചെയ്യുകയും കൃത്യമായി ആശ്രിതനിയമനവുമായി ബന്ധപ്പെട്ട ഫയൽ മുന്നോട്ട് നീങ്ങുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്തു. ഒടുവിൽ എല്ലാ സാങ്കേതികത്വങ്ങളും പൂർത്തിയാക്കി നിയമനം ലഭിക്കുന്നതിനായുള്ള ഓഫർ ലെറ്റർ അപേക്ഷകർക്ക് ലഭിച്ചുതുടങ്ങി. ഏതാനും നാളുകൾക്കുള്ളിൽ അവർ നമ്മുടെ കൂടെ ജോലിയിൽ പ്രവേശിക്കും.

kartine29.deviantart

പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ സംരക്ഷണത്തിനുമായാണ് ഒരു സംഘടന നിലകൊള്ളേണ്ടത്. എന്നാൽ നുണ പറഞ്ഞും കള്ളം പ്രചരിപ്പിച്ചും മാനേജ്മെന്റിന്റെ കൂടെ തോളോട് തോൾ ചേർന്നു നിന്നും ചില്ലറ മെമ്പർഷിപ്പ് കിട്ടാനുള്ള സാധ്യത ആരായുന്നതല്ലാതെ യഥാർത്ഥ സംഘടനാ പ്രവർത്തനം നടത്താൻ നമ്മളല്ലാതെ മറ്റാരുമില്ലെന്ന യാഥാർത്ഥ്യം വീണ്ടും ഇവിടെ തെളിയിക്കപ്പെടുകയാണ്. നമ്മുടെ സംഘടനാ അംഗത്വത്തിൽ ഇല്ലാതിരുന്നവരുടെ കുടുംബാംഗങ്ങൾക്കും ആശ്രിത നിയമനം ലഭ്യമാക്കാൻ നമുക്ക് സാധിച്ചു എന്നത് ചാരിതാർത്ഥ്യത്തോടെയാണ് നാം നോക്കിക്കാണുന്നത്. സംഘടനാ അംഗത്വം എന്നത് വെറുമൊരു 'വരിസംഖ്യ കൈമാറ്റം' മാത്രമല്ലെന്നും അത് സുരക്ഷിതമായ ഒരു സാഹചര്യം ഒരുക്കാനുള്ള ബാധ്യത ഏറ്റെടുക്കൽ ആണെന്നും ആ സുരക്ഷ ജീവനക്കാരുടെ കുടുംബാംഗങ്ങൾക്ക് കൂടി തണൽ ഒരുക്കുന്നതാണെന്നുമാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്. നാം നമ്മുടെ അംഗങ്ങൾക്ക് മാത്രമല്ല, ഓരോ ജീവനക്കാരനും അവരുടെ കുടുംബത്തിനും നൽകുന്ന സുരക്ഷിതത്വം എന്ന ഉറപ്പുണ്ട്. ആ ഉറപ്പാണ് സംഘടനയുടെ മുൻകൈയിൽ ഇവിടെയും നടപ്പിലാകുന്നത്. ഇപ്പോൾ തീരുമാനമാകാത്തവരുടെ കാര്യത്തിലും സംഘടന കൃത്യമായ ഇടപെടൽ നടത്തി വരികയാണ്.

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartine29.deviantart